
KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

# ജെ.ജെ. പദ്ധതി നിർവാഹകരുടെ സംയോജിത ശാക്തീകരണം ശില്പശാല റിപ്പോർട്ട് 2019 - 2020



**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

റ്റി.സി.14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ,

തിരുവനന്തപുരം - 695 034 ഫോൺ: 0471 – 2326603, ഫാക്സ്: 0471- 2326603

ഇ-മെയിൽ: childrights.cpcr@kerala.gov.in വെബ്: www.kescpcr.kerala.gov.in

facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala


| | | |
|---|---|---|
| ചെയർപേഴ്സൺ | : | ശ്രീ. കെ.വി. മനോജ് കുമാർ<br>E-mail: cp.cpcr@kerala.gov.in |
| അംഗങ്ങൾ | : | ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി.<br>ശ്രീ. കെ. നസീർ<br>ശ്രീമതി ബബിത ബി.<br>ശ്രീ. റെനി ആന്റണി<br>ശ്രീമതി ശ്യാമളാദേവി പി.പി.<br>ശ്രീ. സി. വിജയകുമാർ |
| സെക്രട്ടറി | : | ശ്രീമതി അനിത ദാമോദരൻ<br>(ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി, ജി.എ.ഡി.)<br>E-mail: secy.cpcr@kerala.gov.in |
| രജിസ്ട്രാർ | : | ശ്രീമതി പി.വി. ഗീത<br>(ഗവൺമെന്റ് അഡീഷണൽ നിയമ സെക്രട്ടറി)<br>E-mail: regr.cpcr@kerala.gov.in |
| പി.ആർ.ഒ. | : | ശ്രീ. ആർ. വേണുഗോപാൽ<br>(ഡെപ്യൂട്ടി ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്)<br>E-mail: pro1.cpcr@gmail.com |

| | | |
|---|---|---|
| റിപ്പോർട്ട് തയ്യാറാക്കിയത് | : | ശ്രീ. ആൽഫ്രഡ് ജെ. ജോർജ്<br>സീനിയർ ടെക്നിക്കൽ ഓഫീസർ, ജെ.ജെ. സെൽ<br>ശ്രീമതി ജ്യോതി കെ.ജി.<br>കേസ് വർക്കർ, ജെ.ജെ. സെൽ |
| ടൈപ്പ് സെറ്റിംഗ്, ലേ ഔട്ട് | : | ശ്രീമതി സുജ എസ്.വി.<br>ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ആർ.റ്റി.ഇ. സെൽ |

## ഉള്ളടക്കം


| ക്രമ നം. | ഇനം | പേജ് നം. |
|---|---|---|
| 1 | ആമുഖം | 5 |
| 2 | സംസ്ഥാനത്തെ സംബന്ധിച്ച പ്രാദേശിക വിവരങ്ങൾ | 5 |
| 3 | ശിൽപ്പശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ | 6-8 |
| 4 | കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരം | 9-13 |
| 5 | ജില്ലാതല ശിൽപ്പശാലയിൽ പങ്കെടുത്ത കർത്ത വ്യവാഹകരുടെ വിശദവിവരങ്ങൾ | 13-15 |
| 6 | കമ്മീഷന്റെ കണ്ടെത്തലുകളും ശുപാർശകളും | 16-23 |

## I ആമുഖം

ബാലനീതി സംബന്ധിച്ച് രാജ്യത്ത് നിലനിൽക്കുന്ന സുപ്രധാനവും സമഗ്രവുമായ 2015-ലെ ബാലനീതി നിയമത്തിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനോടൊപ്പം കുട്ടികളുടെ അവകാശ സംരക്ഷണത്തിനും, പുനരധിവാസത്തിനും ആവശ്യമായ സംവിധാനങ്ങളും നിയമം ഉറപ്പാക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കായി ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB), ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കായി ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC), ദത്തെടുക്കലിനുവേണ്ടി CARA (Central Adoption Resource Authority), കുട്ടികളുടെ സുരക്ഷിതത്വത്തിനായി സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU), ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് (DCPU) എന്നിവ പ്രവർത്തിച്ചു വരുന്നു. ഇതിനോടൊപ്പം സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ (ICPS) ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയുള്ള ബാലസംരക്ഷണ സമിതികളും (CPC) ബാലാവകാശസംരക്ഷണ കമ്മീഷന്റെ ഇടപെടൽമൂലം നിലവിൽ വന്നിട്ടുണ്ട്. ഈ ശിൽപ്പശാലയുടെ ഉദ്ദേശ്യലക്ഷ്യം ഓരോ കർത്തവ്യവാഹകരും, 2016 ജെ.ജെ. മാതൃകാചട്ടപ്രകാരം തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളെപ്പറ്റി ബോധവാന്മാരായിരിക്കുവാനും, മറ്റ് കർത്തവ്യവാഹകരുമായുള്ള നിയമപരമായ ബന്ധങ്ങളും പ്രസ്തുത കർത്തവ്യവാഹകരുമായി യോജിച്ച് നിർബന്ധമായും വഹിക്കേണ്ടുന്ന ചുമതലകളെപ്പറ്റിയും, ശിശുസൗഹാർദ്ദപരമായും നിയമപരമായും നിർവഹിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും, അതാത് കർത്തവ്യവാഹകർക്ക് ജെ.ജെ. ചട്ടപ്രകാരവും നിലവിലുള്ള മറ്റ് നിയമപ്രകാരവും സുഖകരമായ പ്രവർത്തനത്തിനുവേണ്ടി മുന്നോട്ടുവയ്ക്കാനുള്ള നിർദ്ദേശങ്ങൾ കമ്മീഷനുമുമ്പാകെ അവതരിപ്പിക്കുവാനും, അവ സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കി, പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടിയാണ് ഈ ശിൽപ്പശാലകൾ സംഘടിപ്പിച്ചത്.

## II സംസ്ഥാനത്തെ സംബന്ധിച്ച പ്രാദേശിക വിവരങ്ങൾ

| | |
|---|---|
| ജില്ലാ പഞ്ചായത്ത് | - 14 |
| മുനിസിപ്പാലിറ്റി | - 87 |
| ബ്ലോക്ക് പഞ്ചായത്ത് | - 152 |
| ഗ്രാമ പഞ്ചായത്ത് | - 941 |

## III ശിൽപ്പശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

III.1 ബാലനീതി നിയമത്തിന്റെ ശരിയായ നടത്തിപ്പ് മറ്റു നിരവധി നിയമങ്ങളും സംവിധാനങ്ങളുമായി ഇടകലർന്നു കിടക്കുന്നു. ഉദാഹരണത്തിന്, ശൈശവവിവാഹ നിരോധന നിയമം, ബാലവേല നിരോധന നിയമം, ലൈംഗിക അതിക്രമങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശനിയമം, ചൈൽഡ് ട്രാഫിക്കിംഗിനെതിരായ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾ, ദത്തെടുക്കലുമായി ബന്ധപ്പെട്ട നിയമങ്ങൾ, [ബാലനീതി നിയമം, ഹിന്ദു അഡോപ്ഷൻ ആന്റ് മെയിന്റനൻസ് ആക്റ്റ് (HAMA)], ഐ.സി.ഡി.എസ്. സംവിധാനം എന്നിവയും അതിന്റെ ഭാഗമാണ്. എല്ലാ നിയമങ്ങളുടെയും നടത്തിപ്പിനുള്ള സംവിധാനവും ഘടനയും ജില്ലാതലത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ബാലനീതി നിയമത്തിന്റെ സംയുക്തവും സമഗ്രവുമായ ഘടനയാണ് ശാക്തീകരിക്കേണ്ടതും കാര്യക്ഷമമാക്കേണ്ടതും. കേരളത്തിൽ എല്ലാ ജില്ലകളിലും ജെ.ജെ. ആക്റ്റ് 2015, മാതൃകാ ചട്ടം 2016-ന്റെ ഭാഗമായി ഡിസ്ട്രിക്ട് ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി, ഡിസ്ട്രിക്ട് ജുവനൈൽ ജസ്റ്റിസ് ബോർഡ്, സി.ഡബ്ല്യൂ.സി., ഡി.സി.പി.യു., സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ചൈൽഡ്‌ലൈൻ കൂടാതെ ഐ.സി.പി.എസ്.-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ എല്ലാം തന്നെ നിലവിൽ വന്നിട്ടുണ്ട്. 2018-2019-ൽ, സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ബാലാവകാശ സംരക്ഷണ കമ്മീഷൻ നടത്തിയ ശിൽപ്പശാലകൾ എല്ലാ ജില്ലകളിലും നടന്നു. അതിന്റെ തുടർപ്രവർത്തനങ്ങളും എല്ലാ ജില്ലകളിലും നടന്നുവരികയാണ്. 2019 മാർച്ച് മാസത്തിലാണ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജെ.ജെ.ബി, സി.ഡബ്ല്യൂ. സി എന്നിവ പുതുതായി രൂപീകരിക്കപ്പെട്ടത്. ഈ വർഷം തന്നെയാണ് കേരളത്തിലെ സർക്കാർ നേരിട്ടു നടത്തുന്ന ശിശുസംരക്ഷണ കേന്ദ്രങ്ങൾ ഉൾപ്പടെ 774 ശിശുസംരക്ഷണ കേന്ദ്രങ്ങൾ ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ജില്ലാ ജഡ്ജിമാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജില്ലാ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികളും രൂപീകരിച്ചു കഴിഞ്ഞു.

III.2 ബാലനീതി നിയമപ്രകാരം സംയോജിത ശിശുസംരക്ഷണപദ്ധതിയുടെ (ICPS) മാർഗരേഖയിൽ സംസ്ഥാന ശിശുസംരക്ഷണ കമ്മിറ്റികളുടെ (State Child Protection Committee) പ്രവർത്തനം കാര്യക്ഷമമാക്കാൻ ജില്ലാതല ശിശുസംരക്ഷണ കമ്മിറ്റി

(DCPC), ബ്ലോക്ക്തല ശിശുസംരക്ഷണ കമ്മിറ്റി (BCPC), വില്ലേജ്തല ശിശു സംരക്ഷണ കമ്മിറ്റി (VCPC) എന്നിവ അതാത് പ്രദേശങ്ങളിലെ കുട്ടികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത്/ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/വാർഡ്തലങ്ങളിൽ ശിശുസംരക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് അതിജീവനം, സംരക്ഷണം, വികസനം, പങ്കാളിത്തം എന്നിവയ്ക്ക് മുൻഗണന നൽകി പ്രവർത്തിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2018-2019 കാലയളവിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ ശിശുസംരക്ഷണ സമിതികളുടെ ശാക്തീകരണത്തിനായി 41 ശില്പശാലകൾ കേരളത്തിൽ നടത്തുകയുണ്ടായി. ബാലനീതി നിയമപ്രകാരം കർത്തവ്യവാഹകരുമായുള്ള ബന്ധം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സി.പി.സി.യുടെ ദൗത്യം നിർണ്ണായകമാണ്. ഇത്തരത്തിലുള്ള നിയമസംവിധാനത്തിന്റെ നടത്തിപ്പ് വിലയിരുത്തുന്നതിനും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് ശില്പശാലകൾ നടത്തിവരുന്നതും ജെ.ജെ. മാതൃകാ ചട്ടം 2016 നിയമത്തിലനുശാസിക്കുന്ന ഓരോ കർത്തവ്യവാഹകരുടെയും ബാധ്യതയും പ്രവർത്തനങ്ങളും നിലവിൽ നടത്തി വരുന്ന പ്രവർത്തനങ്ങളുമായി ചേർത്ത് പരിശോധിച്ച് ആവശ്യമുള്ള നടപടികൾ കൂടി സ്വീകരിച്ച് മുൻപോട്ട് പോകുന്നതിനാണ് ശിൽപ്പശാലകൾ ലക്ഷ്യമിടുന്നതും.

III.3 താഴെ പറയുന്നവ ശിൽപ്പശാല ലക്ഷ്യം വയ്ക്കുന്നു.

ബാലനീതിനിയമം 2015 ഉൾപ്പെടെ കുട്ടികളുമായി ബന്ധപ്പെട്ട് അതിന് മുൻപും പിൻപും അനുവർത്തിച്ച് വരുന്ന നിയമങ്ങളെല്ലാം പരസ്പരബന്ധിതമായി മനസ്സിലാക്കാനും കുട്ടിയുടെ സുസ്ഥിര വികസനത്തിന് കൂട്ടിയോജിപ്പിക്കാനും അറിവ് വർദ്ധിപ്പിക്കുക.

- ബാലനീതി നിയമം 2015 പ്രകാരം ജില്ലാതലത്തിൽ നിലവിൽ വന്നിട്ടുള്ള (ഉദാ:- CWC, JJB) സംവിധാനങ്ങളുടെ ഉത്തരവാദിത്വങ്ങൾ, അനുബന്ധ കർത്തവ്യവാഹകരുമായി ശിശുസൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ നിർവ്വഹിക്കുന്നതിനായി ബോധവൽക്കരണം നടത്തുക.
- കേസുമായി ബന്ധപ്പെട്ട് കുട്ടി വീണ്ടും വീണ്ടും ചോദ്യം ചെയ്യപ്പെടുന്ന, പീഡന തുല്യമായ നടപടിക്രമങ്ങൾ ഒഴിവാക്കാൻ ആവശ്യമായ സംയോജിത മാർഗ്ഗം രൂപപ്പെടുത്തുക.
- കുട്ടിയുടെ വളർച്ചയും/ഉത്തമതാത്പര്യവും ലക്ഷ്യമാക്കി കുട്ടികളുടെ വിഷയത്തിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടാനുള്ള ശാസ്ത്രീയ ബോധം സ്വായത്തമാക്കുക.
- നിയമം അനുശാസിക്കുംവിധം പ്രശ്നങ്ങളെ കാലതാമസം കൂടാതെ പ്രായോഗികമായ രീതിയിൽ പരിഹരിക്കുന്ന തരത്തിലുള്ള സമീപനങ്ങൾക്ക് അറിവ് നേടുക.

- കുട്ടികൾക്കുവേണ്ടി സംസ്ഥാനം ഒരുക്കിയിട്ടുള്ള വൈവിധ്യമാർന്ന സേവന/ക്ഷേമ പ്രോജക്ടുകൾ തടസ്സങ്ങൾ നീക്കി, അവകാശികൾക്ക് എത്തിക്കാനുള്ള പ്രായോഗിക പരിജ്ഞാനം രൂപപ്പെടുത്തുക.
- കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിന്, പ്രശ്നം മനസ്സിലാക്കി അടിയന്തര പ്രാധാന്യത്തോടെ ആരെ സമീപിക്കണമെന്നും, ഏത് രീതിയിൽ കൈകാര്യം ചെയ്യ ണമെന്നുമുള്ള അവബോധം വളർത്തിയെടുക്കുക.
- ഓരോ കുട്ടിയും ഓരോ വ്യക്തിയാണെന്ന് ബോധ്യപ്പെട്ട്, ഓരോ കേസും പഴയതിന്റെ പകർപ്പ് ആകാതിരിക്കാൻ സാഹചര്യം ആവശ്യപ്പെടുന്ന രീതിയിൽതന്നെ ഇടപെടൽ സാധ്യമാക്കിക്കൊണ്ട് കഴിയുന്നത്ര നീതി ഉറപ്പാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേ ശങ്ങൾ നൽകുക.
- ബാലനീതി നിയമത്തിന്റെ കാതലായ തത്വം, ഒരു കുട്ടിക്ക് സ്ഥാപനവാസം അവ സാനത്തെ മാർഗ്ഗമാണ്. ആയതിനാൽ കർത്തവ്യവാഹകരുടെ അവ്യക്തത നീക്കി ക്കൊണ്ട് കുട്ടിയുടെ ഉത്തമതാല്പര്യം ചിട്ടപ്പെടുത്തുന്നതിന് കർത്തവ്യവാഹകരെ തയ്യാറാക്കുക.

## IV കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച വിവരങ്ങൾ

ബാലനീതി നിയമപ്രകാരം കേരളത്തിലെ 14 ജില്ലകളിലായി 774 ശിശുസംരക്ഷണ സ്ഥാപനങ്ങൾ (CCI), Observation Home, Special need Home, Foundling Home, സ്പെഷ്യൽ അഡോപ്ഷൻ ഏജൻസി) തുടങ്ങിയവ പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളല്ലാതെ സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവുപ്രകാരം ബാലനീതി രജിസ്ട്രേഷൻ ഇല്ലാതെ കേരളത്തിൽ പ്രവർത്തിക്കുന്ന സമസ്തയുടെ കീഴിലുള്ള 126 സ്ഥാപനങ്ങളുടെ വിവരങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.


നിലവിൽ കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ രജിസ്ട്രേഷൻ നൽകിയത് ICPS-ൽ നിന്നാണ്. കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ജെ.ജെ. സെൽ നേരിട്ടു ശേഖരിച്ച വിവരങ്ങൾ പ്രകാരം 34,375 കുട്ടികളെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വന്നാൽ താമസിപ്പിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ഇതിൽ വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിലായി 15,590 പെൺകുട്ടികളെയും, 17,938 ആൺകുട്ടികളെയും, 847 ആൺകുട്ടികളെയും പെൺകുട്ടികളെയും ജെ.ജെ. പ്രകാരം ഒറ്റ രജിസ്ട്രേഷൻ ചെയ്ത ശിശുസംരക്ഷണ സ്ഥാപനങ്ങളിലും താമസിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ട്.

ജില്ലാടിസ്ഥാനത്തിൽ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച വിവരങ്ങൾ

| നം. | ജില്ല | സ്ഥാപനങ്ങളുടെ എണ്ണം | ആൺ | പെൺ | ആൺ, പെൺ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 92 | 1615 | 1658 | 0 |
| 2. | കൊല്ലം | 52 | 1095 | 790 | 0 |
| 3. | പത്തനംതിട്ട | 44 | 650 | 725 | 0 |
| 4. | ആലപ്പുഴ | 32 | 602 | 830 | 0 |
| 5. | കോട്ടയം | 52 | 1103 | 996 | 0 |
| 6. | ഇടുക്കി | 56 | 786 | 1155 | 0 |
| 7. | എറണാകുളം | 95 | 2026 | 1580 | 0 |
| 8. | തൃശ്ശൂർ | 80 | 1772 | 1390 | 847 |
| 9. | പാലക്കാട് | 57 | 1232 | 1145 | 0 |
| 10. | മലപ്പുറം | 88 | 3596 | 2133 | 0 |
| 11. | കോഴിക്കോട് | 46 | 1665 | 990 | 0 |
| 12. | വയനാട് | 28 | 600 | 1048 | 0 |
| 13. | കണ്ണൂർ | 32 | 415 | 760 | 0 |
| 14. | കാസർഗോഡ് | 20 | 781 | 390 | 0 |


കേരളത്തിലെ 14 ജില്ലകളിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ 21,979 കുട്ടികളിൽ 11,323 പെൺകുട്ടികളും 10,656 ആൺകുട്ടികളും വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നു. ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിലവിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം**




ഇത്തരത്തിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ 21,979 കുട്ടികളിൽ 7,930 കുട്ടികൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് ഇല്ലാതെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നതായി മനസ്സിലാക്കുന്നു. ബാലനീതി നിയമം 2015 പ്രകാരം, സി.ഡബ്ല്യു.സി ഉത്തരവ് ഇല്ലാതെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ ഒരു സ്ഥാപനത്തിലും താമസിപ്പിക്കുവാൻ പാടില്ല. ഇത്തരത്തിൽ താമസിക്കുന്ന കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷണവും എന്ന പരിഗണന ലഭിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കുകയും അടിയന്തിരമായി ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി ചൈൽഡ് വെൽഫെയർ കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്. ജില്ലാതല ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് ഇല്ലാതെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.


**ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ ഉത്തരവില്ലാതെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ**



ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ ഉത്തരവുകൾ നൽകുമ്പോൾ ജില്ലാതലത്തിൽ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളിലേക്ക് അയക്കുന്നതായി മനസ്സിലാക്കുന്നു. അതിനാൽ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ നിന്ന് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പട്ടിക ശേഖരിച്ച് അതിൻ പ്രകാരം കുട്ടികളെ അയക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.


## ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം മതാടിസ്ഥാനത്തിൽ

സംസ്ഥാനത്തെ 774 ശിശുസംരക്ഷണ സ്ഥാപനങ്ങളിലായി താമസിക്കുന്ന 21,979 കുട്ടികളുടെ മതാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമായത്പ്രകാരം ചുവടെ ചേർക്കുന്നു.





## ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം ജാതി അടിസ്ഥാനത്തിൽ

സംസ്ഥാനത്തെ 774 ശിശുസംരക്ഷണ സ്ഥാപനങ്ങളിലായി താമസിക്കുന്ന 21,979 കുട്ടികളുടെ ജാതി അടിസ്ഥാനത്തിലുള്ള വിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.




**ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം പ്രായം അടിസ്ഥാനത്തിൽ**

സംസ്ഥാനത്തെ 774 ശിശുസംരക്ഷണ സ്ഥാപനങ്ങളിലായി താമസിക്കുന്ന 21,979 കുട്ടികളുടെ വയസ്സ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമായ വിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.




മേൽപ്പറഞ്ഞ പട്ടികയിൽ 11-15 വയസ്സു വരെ പ്രായമുള്ള 11,378 (52%) കുട്ടികളും 16-18 വരെ പ്രായമുള്ള 4864 (22%) കുട്ടികളും 18 വയസ്സിന് മുകളിലുള്ള 776 (4%) കുട്ടികളുടെയും പുനരധിവാസ പ്രക്രിയ നടപ്പിലാക്കേണ്ടതുണ്ട്. നിലവിൽ ഈ കുട്ടികളുടെയും വ്യക്തിഗത ശ്രദ്ധാപദ്ധതി നടപ്പിൽ വരുത്തുകയോ സ്വയംപര്യാപ്തതക്ക് ആവശ്യമായ നടപടികൾ

സ്ഥാപനങ്ങളോ, ചൈൽഡ് വെൽഫെയർ കമ്മിറ്റികളോ സ്വീകരിച്ചതായി കാണുന്നില്ല. ഇത് വീണ്ടും കുട്ടികളെ സ്ഥാപനവാസത്തിൽനിന്ന് മോചിതരാകുമ്പോൾ കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാത്ത സാഹചര്യങ്ങളിലേക്ക് എത്തിപ്പെട്ടേക്കാവുന്ന സാഹചര്യം നിലനിൽക്കുന്നു. കൂടാതെ യാതൊരു പുനരധിവാസവും/പുനരേകീകരണവും സംഭവിക്കാതെ സമൂഹത്തിലേയ്ക്ക് കുട്ടിയെ തള്ളിവിടുന്നു. ആയതിനാൽ സ്ഥാപനങ്ങളും ചൈൽഡ് വെൽഫയർ കമ്മിറ്റികളും ഇത്തരത്തിലുള്ള കുട്ടികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് നടത്തി സ്വയംപര്യാപ്തരാകുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

## V ജില്ലാതല ശില്പശാലയിൽ പങ്കെടുത്ത കർത്തവ്യവാഹകരുടെ വിശദവിവരങ്ങൾ

ബാലാവകാശസംരക്ഷണ കമ്മീഷന്റെ 16-07-2019-ലെ 43-ാമത് കമ്മീഷൻ യോഗത്തിൽ ജില്ലാതല ബാലനീതി സംവിധാനത്തെ ശാക്തീകരിക്കുന്നതിനുള്ള 14 ശിൽപ്പശാലകൾ ഓരോ ജില്ലയിലും നടത്തുവാൻ തീരുമാനിക്കുകയും ബാലനീതി നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുടെ ശിൽപ്പശാലയ്ക്ക് മുന്നോടിയായി ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ശിശുസംരക്ഷണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് വിവരശേഖരണം നടത്തുവാനും നടപടി സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി ബാലാവകാശസംരക്ഷണ കമ്മീഷന്റെ 21-08-2019-ലെ 45-ാമത് കമ്മീഷൻ യോഗത്തിൽ ജില്ലാതല ബാലനീതി സംവിധാനം ശാക്തീകരിക്കുന്നതിനുള്ള ശിൽപ്പശാലകളുടെ കൺസപ്റ്റ് നോട്ട് അംഗീകരിച്ച് എല്ലാ കർത്തവ്യവാഹകർക്കും അയച്ചു നൽകിയിരുന്നു. ബാലാവകാശസംരക്ഷണ കമ്മീഷൻ 2018-19-ൽ നടത്തിയ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ 40 ശില്പശാലകളുടെ തുടർപ്രവർത്തനം എന്നവണ്ണം ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി/പ്രതിനിധികളെ ഈ ശിൽപ്പശാലയിൽ പങ്കെടുപ്പിക്കുകയും അവയുടെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു. കർത്തവ്യവാഹകരായ ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ചൈൽഡ് ലൈൻ, കാവൽ, ശിശുസംരക്ഷണ സ്ഥാപനങ്ങൾ, മറ്റ് കർത്തവ്യവാഹകർ എന്നിവരെ അതാത് ജില്ലകളിൽ ശിൽപ്പശാലയിൽ പങ്കെടുപ്പിച്ച് അവർ പ്രവർത്തനവിധേയമാകുമ്പോൾ നേരിടുന്ന വെല്ലുവിളികളും പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമന്വയിപ്പിക്കുകയും ആയതിന് പരിഹാരം നൽകാൻ കഴിയുന്നിടത്തോളം ജില്ലകളിൽ പരിഹാരം നിർദ്ദേശിക്കുകയും മറ്റുള്ളവ ക്രോഡീകരിച്ച് കർത്തവ്യവാഹകർ കൈക്കൊള്ളേണ്ട നടപടി പ്രസ്തുത തലത്തിൽ കൈക്കൊള്ളാനും സംസ്ഥാന സർക്കാർതലത്തിൽ കൈക്കൊള്ളേണ്ട നടപടികൾക്കായി ശുപാർശകൾ നൽകുവാനും നടപടി സ്വീകരിച്ചു വരികയും ചെയ്തു.

| നം | ജില്ല | തീയതി | സ്ഥലം | വിശിഷ്ടാതിഥി | ശില്പശാലയിൽ പങ്കെടുത്ത കർത്തവ്യവാഹകരുടെ എണ്ണം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | KeSCPCR | DCPU | CWC | JJB | CDPO/ICDS/ Counsellors | SJPU | CCI | CHILD LINE | Others | NGO' s/ KAVAL | Total |
| 1 | തിരുവനന്തപുരം | 16/01/2020 | ജില്ലാ പഞ്ചായത്ത് ആഡിറ്റോറിയം | 1. ജില്ലാ ജഡ്ജ് ശ്രീ. കെ.ബാബു<br>2. ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി ശ്രീമതി. ജൂബിയ<br>2. അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് ശ്രീ. എം.എ. സാലിഖ് | 9 | 13 | 4 | 1 | 18 | 17 | 66 | 3 | 16 | 4 | 151 |
| 2 | കൊല്ലം | 04/09/2019 | സി. ഫോർ.യു പാർട്ടി ഹാൾ, എസ്.എൻ. കോളേജും | ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് ശ്രീ. എസ്.എച്ച്. പഞ്ചാപകേശൻ | 8 | 6 | 4 | 3 | 24 | 59 | 42 | 6 | 15 | 3 | 170 |
| 3 | പത്തനം തിട്ട | 28/11/2019 | ഹോട്ടൽ ഹിൽസ് പാർക്ക്, കുമ്പഴ | ജില്ലാ ജഡ്ജ് ബഹു. ജോൺ. കെ | 2 | 11 | 5 | 1 | 46 | 0 | 30 | 1 | 14 | 0 | 110 |
| 4. | ആലപ്പുഴ | 28/01/2020 | ജില്ലാ പ്ലാനിംഗ് ബോർഡ് ഹാൾ | ജില്ലാ സെഷൻസ് ജഡ്ജ് ശ്രീ.എ. ബദറുദ്ദീൻ | 4 | 10 | 5 | 2 | 40 | 51 | 28 | 3 | 0 | 0 | 143 |
| 5 | കോട്ടയം | 30/11/2019 | ഐ.എം.എ ഹാൾ കോട്ടയം | 1. അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജ് ശ്രീ. ഗോപകുമാർ<br>2. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ കൊളത്തുങ്കൽ | 5 | 8 | 4 | 2 | 9 | 18 | 36 | 7 | 8 | 0 | 97 |
| 6 | ഇടുക്കി | 26/11/2020 | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി ശ്രീ. ദിനേശ് എം. പിള്ള | 3 | 9 | 3 | 2 | 11 | 0 | 42 | 2 | 7 | 4 | 83 |
| 7 | എറണാ കുളം | 138/01/2020 | ഗവ. ലോകോളേജ് അസംബ്ലി ഹാൾ | 1. ബഹു. ഹൈകോടതി ജഡ്ജ് ജസ്റ്റീസ് ഷാജി പി. ചാലി<br>2. പോക്സോ സെഷൻസ് ജഡ്ജ് ശ്രീ. പി.ജെ. വിൻസെന്റ് | 3 | 6 | 3 | | 24 | 52 | 69 | 3 | 35 | 3 | 198 |

| നം | ജില്ല | തീയതി | സ്ഥലം | വിശിഷ്ടാതിഥി | ശില്പശാലയിൽ പങ്കെടുത്ത കർത്തവ്യവാഹകരുടെ എണ്ണം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | KeSCPCR | DCPU | CWC | JJB | CDPO/ICDS/ Counsellors | SJPU | CCI | CHILD LINE | Others | NGO' s/ KAVAL | Total |
| 8 | തൃശ്ശൂർ | 17/01/2020 | ഹോട്ടൽ എലൈറ്റ് ഇന്റർനേഷണൽ തേക്കിൻകാട് മൈതാനം | അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് ശ്രീ. കെ. ആർ. മധുകുമാർ | 4 | 13 | 5 | 1 | 32 | 45 | 73 | 3 | 14 | 0 | 190 |
| 9 | പാലക്കാട് | 20/12/2019 | ഹാട്ടൽ നളന്ദ ഇൻ | 1. സബ് ജഡ്ജ് ശ്രീ. തുഷാർ എം. 2. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ശ്രീ. വിജയൻ ടി. | 5 | 9 | 1 | 1 | 29 | 9 | 32 | 1 | 5 | 1 | 93 |
| 10 | മലപ്പുറം | 31/01/2020 | ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ | 1. പ്രിൻസിപ്പൽ ജില്ലാ ജഡ്ജ് ശ്രീ. കെ.പി. ജോൺ 2. വഹബ് ബോർഡ് ചെയർമാൻ അഡ്വക്കേറ്റ് ശ്രീ. ടി.കെ. ഹംസ | 5 | 13 | 4 | 0 | 28 | 34 | 16 | 6 | 11 | 3 | 120 |
| 11 | കോഴിക്കോട് | 16/12/2019 | ജില്ലാ പ്ലാനിംഗ് ബോർഡ് കോൺഫറൻസ് ഹാൾ | ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി ശ്രീ. എ.വി. ഉണ്ണികൃഷ്ണൻ | 3 | 11 | 5 | 3 | 54 | 6 | 28 | 2 | 0 | 0 | 112 |
| 12 | വയനാട് | 19/12/2019 | മിൽക്ക് സൊസൈറ്റി ഹാൾ, മാനന്തവാടി | സ്പെഷ്യൽ ജഡ്ജ് ശ്രീ. സെയ്തലി. പി | 3 | 12 | 5 | 2 | 20 | 22 | 23 | 1 | 9 | 2 | 99 |
| 13 | കണ്ണൂർ | 08-09-2020 | വെബിനാർ – ZOOM, KeSCPCR | ശ്രീ. തുഷാർ എം., അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് തലശ്ശേരി | 15 | 4 | 5 | 2 | 7 | 5 | 5 | 2 | 5 | 2 | 52 |
| 14 | കാസർഗോഡ് | 22/11/2019 | ഹോട്ടൽ ക്യാപിറ്റോൾ ഇൻ | 1. ശ്രീ. ഡി. അജിത്കുമാർ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് 2. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ബഹു. മുജീബ് റഹ്മാൻ | 5 | 8 | 5 | 1 | 14 | 23 | 18 | 0 | 12 | 4 | 90 |

## VI കമ്മീഷന്റെ കണ്ടെത്തലുകളും ശുപാർശകളും

1. സംസ്ഥാനത്ത് ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ താമസിപ്പിക്കുന്നതിന് ശിശുസംരക്ഷണ സ്ഥാപനങ്ങളുണ്ട്. 2019 ഒക്ടോബർ വരെ ലഭിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ നിലവിൽ സംസ്ഥാനത്തൊട്ടാകെ 21,979 കുട്ടികളിൽ 7930 കുട്ടികൾ (page no.7-ൽ വിശദാംശങ്ങൾ ലഭ്യമാണ്) ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവില്ലാതെ താമസിക്കുന്നു. ഉത്തരവില്ലാതെ താമസിക്കുന്ന കുട്ടികളിൽ സ്ഥാപനവാസം ആവശ്യമാണോയെന്ന് തീരുമാനിക്കുന്നതിന് സി.ഡബ്ല്യൂ.സി. ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ആയതിന് വനിതാ-ശിശുവികസന വകുപ്പ് കൃത്യമായ നിർദ്ദേശം നൽകേണ്ടതാണ്.
2. സ്ഥാപനവാസികളായ കുട്ടികളുടെ പുനരധിവാസം/പുനരേകീകരണം എന്നിവ സാധ്യമാക്കുന്നതിന് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് (SIR) നിർണ്ണായക ഘടകമാണ്. SIR പൂർത്തികരിക്കാത്ത കുട്ടികളുടെ വിവരങ്ങൾ അതാത് ജില്ലയിലെ സി.ഡബ്ല്യൂ.സി., അടിയന്തിരമായി ഇടപെട്ട് നടപടി കൈക്കൊള്ളണമെന്ന് ശുപാർശ ചെയ്യുന്നു. ജെ.ജെ. ആക്ട് വകുപ്പ്-32 പ്രകാരം 15 ദിവസത്തിനുള്ളിൽ സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി സി.ഡബ്ല്യൂ.സി.യ്ക്ക് കൈമാറേണ്ടതാണ്. സമയബന്ധിതമായി സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിക്കാത്തതിനാൽ സെക്ഷൻ 36(2) പ്രകാരം കുട്ടിയെ ഹാജരാക്കി നാലുമാസത്തിനുള്ളിൽ അന്തിമ റിപ്പോർട്ടുകൾ പാസ്സാക്കാൻ ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് സാധിക്കുന്നില്ല. ഇക്കാര്യത്തിൽ വനിതാ-ശിശുവികസന വകുപ്പ് ഉചിതമായ നിർദ്ദേശം നൽകേണ്ടതാണ്.
3. സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് (SIR) തയ്യാറാക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കൃത്യമായ ഇടവേളകളിൽ ആവശ്യമായ പരിശീലനം നൽകുന്നതിന് അതാത് ജില്ലയിലെ ഡി.സി.പി.യു. നടപടി കൈക്കൊള്ളേണ്ടതാണ്.
4. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 19(4) പ്രകാരം കുട്ടികളുടെ വ്യക്തിഗതശ്രദ്ധാ പദ്ധതി (ICP) തയ്യാറാക്കുന്നില്ല. ആയത് തയ്യാറാക്കുന്നതിൽ ശിശുസംരക്ഷണ സ്ഥാപനങ്ങൾക്ക് വേണ്ടത്ര അവബോധമില്ല എന്ന് മനസ്സിലാക്കുന്നു. അതിനുള്ള പരിശീലനം ജില്ലാ ശിശുസംരക്ഷണ ഓഫീസർ മുൻകൈയെടുത്ത് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകുന്നതിന് നിർദ്ദേശിക്കുന്നു.
5. വ്യക്തിഗതശ്രദ്ധാ പദ്ധതി (ICP) കൃത്യമായ ഇടവേളകളിൽ സി.ഡബ്ല്യൂ.സി. നിരീക്ഷിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികളുടെ ഉത്തമതാത്പര്യം സംരക്ഷിക്കുന്നതിനും പുനരേകീകരണത്തിനും പുനരധിവാസത്തിനും കുട്ടികളുടെ വ്യക്തിഗതശ്രദ്ധാ പദ്ധതി സി.ഡബ്ല്യൂ.സി. വിലയിരുത്തേണ്ടതാണ്.
6. പോറ്റിവളർത്തൽ പദ്ധതി (Foster care/sponsorship)യ്ക്കായി നൽകുന്ന സാമ്പത്തിക സഹായം കൃത്യമായി ലഭിക്കുന്നില്ല എന്ന് കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സ്ഥാപനവാസം അവസാന അത്താണിയായി നിഷ്കർഷിച്ചിട്ടുള്ള നിയമത്തിൽ Foster care/sponsorship എന്നിവയാണ് കുട്ടിയെ കുടുംബവുമായി ബന്ധപ്പെടുത്തി നിലനിർത്തുന്നതിനുള്ള ഏകമാർഗ്ഗം. ആയതിനാൽ ഇത്തരത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് കൃത്യമായ ഇടവേളകളിൽ സാമ്പത്തിക സഹായം നൽകുന്നതിന് വനിതാ-ശിശുവികസന വകുപ്പ് നടപടി കൈക്കൊള്ളേണ്ടതാണ്. ധനസഹായം കൃത്യമായി ലഭ്യമാക്കുന്നുണ്ടെന്ന കാര്യം വനിതാ-ശിശുവികസന വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

7. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 37(4) പ്രകാരം ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനത്തിൽ പങ്കെടുത്ത കുട്ടികളുടെ വിവരങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് കൈമാറാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് കൃത്യമായ നിർദ്ദേശം വനിതാ-ശിശുവികസന വകുപ്പ് നൽകേണ്ടതുണ്ട്.

8. സ്ഥാപനവാസത്തിൽനിന്ന് വിടുതൽ ചെയ്യുന്ന കുട്ടികളെ കൃത്യമായ ഇടവേളകളിൽ അവരുടെ സംരക്ഷണം വികസനം ഉത്തമതാത്പര്യം എന്നിവ സംരക്ഷിക്കപ്പെടുന്നുണ്ടോ എന്നത് കൃത്യമായി വിലയിരുത്തുന്നതിനാവശ്യമായ നടപടി സി.ഡബ്ല്യൂ.സി. കൈക്കൊള്ളേണ്ടതാണ്. അത്തരം കാര്യങ്ങൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

9. ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്ന് കുട്ടികളെ വിടുതൽ ചെയ്യുമ്പോൾ നിലവിൽ കുട്ടികൾ നിൽക്കുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങളിലേക്കാണ് ഉത്തരവ് നൽകുന്നത്. ആയതുകാരണം ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് കുട്ടികളെ വിടുതൽ ചെയ്യുന്ന വിവരം അറിയാൻ സാധിക്കാതെ പോകുകയും ഇത്തരത്തിലുള്ള കുട്ടികളുടെ പുനരധിവാസം വിലയിരുത്താൻ കഴിയാതെയും പോകുന്നു. ആയതിനാൽ സി.ഡബ്ല്യൂ.സി. കുട്ടികളുടെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്ന് വിടുതൽ ചെയ്യുമ്പോൾ ആയത് ഡി.സി.പി.യു.നെ അറിയിച്ചാൽ മാത്രമേ കൃത്യമായ തുടർനടപടികൾ നടത്താൻ സാധിക്കൂ എന്നും കമ്മീഷൻ വിലയിരുത്തുന്നു. അതിനുവേണ്ട മാർഗ്ഗനിർദ്ദേശം വനിത-ശിശുവികസന വകുപ്പ് നൽകേണ്ടതുണ്ട്.

10. ജെ.ജെ. നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാത്തത് എല്ലാ കർത്തവ്യവാഹകരുടെ യോഗങ്ങളിലും ചർച്ച ചെയ്യപ്പെട്ടു. നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം മുടങ്ങാതെ നൽകുവാൻ വനിതാ-ശിശുവികസന വകുപ്പ് അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്.

11. ശിശുസംരക്ഷണ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ സി.ഡബ്ല്യൂ.സി. അയയ്ക്കുമ്പോൾ പ്രാഥമിക വിവരങ്ങളുടെ രേഖകൾ ഇല്ലാതെയാണ് അയക്കുന്നുത്. അതിനാൽ കുട്ടികളുടെ പരിപാലനവും ശ്രദ്ധയും, ICP തുടങ്ങിയവ ക്രമീകരിക്കുന്നതിനും കാലതാമസം സൃഷ്ടിക്കുന്നു. കൂടാതെ സ്ഥാപനങ്ങളിൽ കുട്ടികളെത്തുമ്പോൾ സൂക്ഷിക്കുന്ന രജിസ്റ്ററുകളിൽ രേഖകളൊന്നും രേഖപ്പെടുത്താതെയാണ് സ്ഥാപനത്തിൽ കഴിയുന്നത്. ഇത്

ഗുരുതരമായ വീഴ്ചയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സി.ഡബ്ല്യൂ.സി. കുട്ടികളെ ശിശുസംരക്ഷണ സ്ഥാപനങ്ങളിലേയ്ക്ക് അയയ്ക്കുമ്പോൾ പ്രാഥമിക വിവരങ്ങളെങ്കിലും ഉത്തരവിൽ നൽകേണ്ടതും ആയത് ശിശുസംരക്ഷണ സ്ഥാപനങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. അത്തരം വിവരങ്ങൾ സ്ഥാപനങ്ങൾക്ക് നൽകുന്നതു മൂലം കുട്ടികളുടെ സ്വകാര്യതയോ മറ്റോ യാതൊരു തരത്തിലും ബാധിക്കാൻ പാടില്ല എന്ന് സ്ഥാപനാധികാരികൾ ഉറപ്പാക്കേണ്ടതും ഇക്കാര്യം സ്ഥാപനങ്ങൾ പാലിക്കുവാൻ കൃത്യമായ നിർദ്ദേശം നൽകേണ്ടതുമാണ്.

12. ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കുട്ടികൾക്കായി ലഭിക്കേണ്ട റേഷൻ വിഭവങ്ങൾ ജെ.ജെ. നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുവാൻ വനിതാ ശിശുവികസന വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും ഏകോപനമായി തീരുമാനം കൈക്കൊള്ളേണ്ടതാണ്.

13. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 16(10), (12) പ്രകാരം സി.ഡബ്ല്യൂ.സി. പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലെ സിറ്റിംഗ് ഹാളും പരിസരവും ശിശുസൗഹൃദമല്ല, ഭൗതിക സൗകര്യങ്ങൾ ശിശുസൗഹൃദമാക്കുന്നതിന് ആവശ്യമായ നടപടികൾ വനിതാ-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

14. സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് (SIR) നിയമാനുസൃതമായി തയ്യാറാക്കുന്നതിനും മാർഗ്ഗരേഖ/SOP തയ്യാറാക്കി സി.ഡബ്ല്യൂ.സി.ക്കും ഡി.സി.പി.യു.കൾക്കും നൽകുന്നത് ഉചിതമായിരിക്കും. ഇതിനുവേണ്ട നടപടി വനിതാ-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

15. കേരള സംസ്ഥാന ബാലനീതി ചട്ടം, 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമമനുസരിച്ച് നാളിതുവരെ പുറത്തിറക്കിയിട്ടില്ല. അതിന് ആവശ്യമായ നടപടി വനിത-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

16. ഓരോ ശിശുസംരക്ഷണ സ്ഥാപനത്തിന്റെയും പരിമിത ഭൗതീക സാഹചര്യങ്ങൾ മനസ്സിലാക്കി അനുയോജ്യമായ രീതിയിൽ നിശ്ചിത അളവിലധികം കുട്ടികളെ അയയ്ക്കാതിരിക്കാൻ സി.ഡബ്ല്യൂ.സി.ക്ക് വനിതാ-ശിശുവികസന വകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്.

17. ഭിന്നശേഷിക്കാരായ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ താമസിപ്പിക്കുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും ശിശുസംരക്ഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നടപടി വനിത-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

18. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 27 പ്രകാരം അംഗീകൃത ഫിറ്റ് ഫെസിലിറ്റി സ്ഥാപനങ്ങൾ കുട്ടികൾക്കായി കേരളത്തിൽ ആരംഭിച്ചിട്ടില്ല. ആയത് നടപ്പിൽ വരുത്തുവാൻ വനിതാ-ശിശുവികസന വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

19. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 85(1)(xviii) പ്രകാരം ജില്ലാതലത്തിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളുടെയും, സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികളുടെയും, ഓപ്പൺ ഷെൽറ്ററിന്റെയും, ഫിറ്റ് പേഴ്സണുകളുടെയും, ഫിറ്റ് ഫെസിലിറ്റികളുടെയും, ഫോസ്റ്റർ പേരന്റുകളുടെയും പോറ്റിവളർത്താൻ പ്രാപ്തരായ രക്ഷിതാക്കളുടെ പേര് അടങ്ങുന്ന രജിസ്റ്റർ, ആഫ്റ്റർ കെയർ ഓർഗനൈസേഷനുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ശേഖരിച്ച് അതാത് ജെ.ജെ.ബി.ക്കും, സി.ഡബ്ല്യൂ.സി.ക്കും, കുട്ടികളുടെ കോടതിക്കും, മറ്റ് സംസ്ഥാന ശിശുസംരക്ഷണ സമിതിക്കും ആവശ്യാനുസരണം നൽകേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. ഇത് കൃത്യമായി നൽകിയിട്ടുണ്ടോ എന്ന് സംയോജിത ശിശുസംരക്ഷണ പദ്ധതി ഓഫീസർ പരിശോധിക്കേണ്ടതാണ്.

20. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 85(1)(xix) പ്രകാരം ജില്ലാതലത്തിലുള്ള കൗൺസലിംഗ് സെന്റർ, ആശുപത്രികൾ, ഡീ അഡിക്ഷൻ സെന്റർ, ഓപ്പൺ സ്കൂൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ തൊഴിൽ പരിശീലനവും, തൊഴിൽ പരിശീലന പരിപാടികൾ നടത്തുന്ന കേന്ദ്രങ്ങളും, വിനോദ പരിപാടികളായ പ്രകടനാത്മകമായ കലകൾ (arts), ലളിതകല (fine arts), പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകാവുന്ന സേവനങ്ങളും സംവിധാനങ്ങളും മറ്റ് സംവിധാനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും അത് സി.ഡബ്ല്യു.സി., ജെ.ജെ.ബി., കുട്ടികളുടെ കോടതി, സംസ്ഥാന ശിശുസംരക്ഷണ സമിതിക്കും നൽകേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. ഇത് കൃത്യമായി നൽകിയിട്ടുണ്ടോ എന്ന് സംയോജിത ശിശുസംരക്ഷണ പദ്ധതി ഓഫീസർ പരിശോധിക്കേണ്ടതാണ്.

21. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 85(1)(xx) പ്രകാരം ജില്ലാതലത്തിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, മാനസികാരോഗ്യ വിദഗ്ദ്ധർ, തർജമക്കാർ, വ്യാഖ്യാനിക്കുന്നവർ, കൗൺസിലർ, സൈക്കോളജിസ്റ്റ്/സൈക്കോ സോഷ്യൽ വർക്കർ/അത്യാസന്ന ഘട്ടങ്ങളിൽ കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ച് പരിചയമുള്ള മറ്റ് വിദഗ്ദ്ധർ എന്നിവരുടെ പട്ടിക ശേഖരിച്ച് അവ സി.ഡബ്ല്യൂ.സി., ജെ.ജെ.ബി., കുട്ടികളുടെ കോടതി, സംസ്ഥാന ശിശുസംരക്ഷണ സമിതി എന്നിവയ്ക്ക് നൽകേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. ഇത് കൃത്യമായി നൽകിയിട്ടുണ്ടോ എന്ന് സംയോജിത ശിശുസംരക്ഷണ പദ്ധതി ഓഫീസർ പരിശോധിക്കേണ്ടതാണ്.

22. ബാലനീതി നിയമം 107-ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാരുണ്ട്. എന്നാൽ നിയമം അനുശാസിക്കുന്നതുപോലെ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാർക്ക് കുട്ടികളുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾക്കുപുറമെ അതാത് സ്റ്റേഷനുകളിലെ ഉത്തരവാദിത്വങ്ങൾകൂടി നൽകുന്നതിനാൽ അവരുടെ സേവനം പൂർണമായും ലഭ്യമല്ല എന്ന്

കാണുന്നു. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തി പ്രസ്തുത പോലീസ് ഓഫീസറുടെ ചുമതല കുട്ടികൾക്കു മാത്രമായി പരിമിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുന്നു.

23. ചൈൽഡ് വെൽഫെയർ കമ്മിറ്റി/ജെ.ജെ.ബി.ക്ക് 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 85(26) പ്രകാരം സെക്രട്ടേറിയൽ സ്റ്റാഫ് ഡി.സി.പി.യു. നൽകേണ്ടതുണ്ട്. പല ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്നും സെക്രട്ടേറിയൽ സ്റ്റാഫിന്റെ സേവനം ലഭിക്കുന്നില്ലെന്ന പരാതിയുണ്ടായി. ഇതിന് അനുയോജ്യമായ മാർഗ്ഗനിർദ്ദേശം വനിത-ശിശുവികസന വകുപ്പ് ഡി.സി.പി.യു.വിന് നൽകേണ്ടതുണ്ട്.

24. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമത്തിനുകീഴിലും ഓർഫനേജ് കൺട്രോൾ ബോർഡ് നിയമത്തിൻകീഴിലും രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ മറ്റേത് നിയമപരമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിൽ ബാലനീതി നിയമപ്രകാരമുള്ള എല്ലാ വ്യവസ്ഥകളും കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

25. പ്രീ-സ്കൂൾ, ഹോസ്റ്റൽ, മതപഠന സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിലവിൽ കൃത്യമായ രീതിയിൽ രജിസ്ട്രേഷൻ ഇല്ലാതെ നിരവധി സ്ഥാപനങ്ങൾ ഓരോ ജില്ലയിലും പ്രവർത്തിച്ചു വരുന്നു. യാതൊരുവിധ രേഖയും നിലവിൽ ഇല്ലാതെയാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. അതിനാൽ ഇതിന് ഒരു ഏകീകരണം അത്യാവശ്യമാണ്. ഇതിലേക്കായി പ്രസ്തുത സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നടപടികൾ നിയമനിർമ്മാണം വഴിയോ മറ്റോ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

26. കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഐ.സി.ഡി.എസ്. മുഖേന നടത്തിയ വൾണറബിലിറ്റി മാപ്പിംഗ് (കുടുംബങ്ങളിലെ അരക്ഷിതാവസ്ഥ/മദ്യപാനം/ലഹരിവസ്തുക്കളുടെ ഉപയോഗം മുതലായവ) വഴി കണ്ടെത്തിയ കാര്യങ്ങൾ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ വഴി വിലയിരുത്തി ആവശ്യമായ മുൻകരുതലുകളെടുക്കുന്നതിന് ഉപകരിക്കും. പ്രാദേശിക തലത്തിൽ ഇടപെടലുകൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ കൈക്കൊള്ളുന്നതിന് ഭരണവകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്.

27. ജില്ലാ-കോർപ്പറേഷൻ-മുനിസിപ്പൽ-ബ്ലോക്ക്-ഗ്രാമതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ കൃത്യമായ അജണ്ടയോടുകൂടി യോഗങ്ങൾ ചേരുകയും, കുട്ടികളെ സംബന്ധിച്ച പ്രാദേശികമായ വിഷയങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള ആസൂത്രിതമായ നടപടികൾ സർക്കാർ മാർഗ്ഗരേഖകളെയും നിലവിലെ ബാലസംരക്ഷണ നിയമങ്ങളെയും അടിസ്ഥാനമാക്കി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും പ്രാപ്തമാക്കുന്നതിന് ഭരണ വകുപ്പ് നടപടി കൈക്കൊള്ളേണ്ടതാണ്. എങ്കിൽ

മാത്രമേ കുട്ടികൾ നേരിടുന്ന അവഗണയും ചൂഷണവും അരക്ഷിതത്വവും ശരിയായ തലത്തിൽ പരിഹരിക്കുവാൻ സാധിക്കൂ എന്ന് കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്.

28. കൗമാരക്കാരായ കുട്ടികളുടെ മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിനും, കൗൺസിലിംഗ് നൽകുന്നതിനുമായി കേരള വനിതാ-ശിശുവികസന വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സൈക്കോ സോഷ്യൽ സ്കീം. ഇതുപ്രകാരം എല്ലാ ഗവ. ഹയർ സെക്കന്ററി സ്കൂളിലും ഓരോ കൗൺസിലറുടെ സേവനം ലഭ്യമാക്കുന്നുണ്ട്. നിലവിലുള്ള ഇത്തരം സേവനങ്ങൾ കൂടുതൽ ഫലപ്രദമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനിതാ-ശിശുവികസന വകുപ്പ് സ്വീകരിക്കേണ്ടതുണ്ട്.

29. ജില്ലയിൽ മാനസിക വെല്ലുവിളി, ശാരീരിക വെല്ലുവിളി, മാനസിക രോഗം മുതലായവ നേരിടുന്ന കുട്ടികളെ താമസിപ്പിക്കുവാൻ സർക്കാർതലത്തിൽ നിലവിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളെ പ്രത്യേകം വേർതിരിക്കേണ്ടതും നിരീക്ഷിക്കേണ്ടതുമാണ്. കൂടാതെ വയസ് അടിസ്ഥാനത്തിലും (0-6, 7-10, 11-15, 16-18) കുട്ടികളെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിർത്തുന്നത് ഉചിതമായിരിക്കുമെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഇതിനുള്ള നടപടി ഭരണവകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്.

30. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 25(4) പ്രകാരം ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്ന് കുട്ടി വിടുതൽ ചെയ്യപ്പെടുന്നതിന് രണ്ടുമാസം മുമ്പ് പോസ്റ്റ് റിലീസ് പ്ലാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് പ്രൊബേഷൻ ഓഫീസർ/ചൈൽഡ് വെൽഫെയർ ഓഫീസർ/കേസ് വർക്കർ/ സോഷ്യൽ വർക്കർ സമർപ്പിക്കേണ്ടതുണ്ട്. ആയത് സി.ഡബ്ല്യൂ.സി. മുമ്പാകെ ഹാജരാക്കി കാണുന്നില്ല. ഇതു ഹാജരാക്കിയാൽ മാത്രമേ ഏത് തരത്തിലുള്ള പുനരധിവാസമാണ് കുട്ടിക്ക് അനുയോജ്യമെന്ന് സി.ഡബ്ല്യൂ.സി.ക്ക് മനസ്സിലാകുകയുള്ളു. ആയത് സി.ഡബ്ല്യൂ.സി. മുമ്പാകെ ശിശുസംരക്ഷണ സ്ഥാപനങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി വനിത-ശിശുവികസന വകുപ്പ് സ്വീകരിക്കേണ്ടതാണ്.

31. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 92(6) (i) പ്രകാരം കാണാതാകുന്ന കുട്ടികളെ കണ്ടുപിടിക്കപ്പെടുമ്പോൾ ആ കുട്ടികളുടെ കാര്യത്തിൽ കൃത്യമായ നിർദ്ദേശം നൽകുന്നതിന് സി.ഡബ്ല്യൂ.സി. മുമ്പാകെ എസ്.ജെ.പി.യു. കണ്ടുപിടിക്കപ്പെട്ട കുട്ടിയെ ഹാജാരക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയും പരിരക്ഷയും ആവശ്യമാകുന്ന കുട്ടികളാണെങ്കിൽ നിർബന്ധമായും സി.ഡബ്ല്യൂ.സി. മുമ്പാകെ ഹാജരാക്കേണ്ടതും ആയതിന് കൃത്യമായ നിർദ്ദേശം വനിതാ -ശിശുവികസന വകുപ്പും ആഭ്യന്തര വകുപ്പും കൈക്കൊള്ളേണ്ടതാണ്.

32. ഗുരുതരമായ കുറ്റങ്ങൾ ഉൾപ്പെട്ട കേസുകളിൽ വരുന്ന 16 വയസ്സിനു മുകളിൽ ഉള്ള കുട്ടികൾക്ക് പ്രിലിമിനറി അസ്സസ്മെന്റ് ആവശ്യമായതിനാൽ മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നുവെന്നും അവിടെ എത്തുന്ന കുട്ടികൾക്ക് പ്രിലിമിനറി അസ്സസ്മെന്റിന്റെ ഭാഗമായ മെന്റൽ ആന്റ് ഫിസിക്കൽ കപ്പാസിറ്റി അറിയുന്നതിനായി 4 ദിവസത്തോളം കിടത്തി ചികിത്സ ആവശ്യമായി വരുന്നുവെന്നും ഈ വേളയിൽ

അവരെ പാർപ്പിക്കുന്നത് മനോരോഗികൾ കിടക്കുന്ന സൈക്യാട്രിക്ക് വാർഡിലാണെന്നും ആ സാഹചര്യം കുട്ടികളിൽ ഗുരുതരമായ മാനസിക പ്രയാസവും മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുവെന്നും കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കപ്പെടുകയുണ്ടായി. പ്രിലിമിനറി അസ്സസ്മെന്റിന്റെ ഭാഗമായി ഇത്തരം അവകാശലംഘനങ്ങൾ കുട്ടികൾ നേരിരുന്നുണ്ടെന്നും കിടത്തി ചികിത്സ ആവശ്യമാണോയെന്ന് പരിശോധിക്കപ്പെടേണ്ടതും ഇത്തരം സാഹതര്യത്തിൽ കുട്ടിക്ക് യാതൊരു അവകാശലംഘനവും നേരിടുന്നില്ലെന്ന് ഉറപ്പാക്കേണ്ടതും കുട്ടികളുടെ സ്വകാര്യത ലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

33. നാല് ദിവസം നീണ്ടുനിൽക്കുന്ന പ്രിലിമിനറി അസ്സസ്മെന്റ് നടപടികൾ പൂർത്തിയാക്കിയതിനുശേഷം ഏകദേശം ഒരു മാസത്തോളം കഴിഞ്ഞിട്ടാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ റിപ്പോർട്ട് ലഭിക്കുന്നത്. ഈ കാലതാമസം മൂലം നിയമം അനുശാസിക്കുന്നതരത്തിൽ കേസുകൾ നാല് മാസം കൊണ്ട് തീർപ്പ് കൽപ്പിക്കുവാൻ സാധിക്കാതെ വരുന്നു. ആയതിനാൽ റിപ്പോർട്ട് കാലതാമസം വരുത്താതെ കുട്ടികളെ ബോർഡിനു മുൻപാകെ എത്തിക്കുന്നതിനും ആവശ്യമായ നടപടി ഭരണവകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്.

34. മിസ്സിംഗ് കേസുകളിലെ കുട്ടികളെ അന്യജില്ലകളിൽനിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും Trace ചെയ്യുമ്പോൾ കുട്ടിക്കൊണ്ട് വരുന്നതിന് ഡിപ്പാർട്ട്മെന്റ് വാഹനം ഉപയോഗിക്കാൻ കഴിയാത്തതിനാൽ ഇപ്പോൾ ഭീമമായ തുക അന്വേഷണ ഉദ്യോഗസ്ഥന് ചെലവ് വരുന്നുണ്ട്. POCSO കേസ്സുകളിലെ അതിജീവിക്കുന്നവരെ ആശുപത്രിയിലേക്കും മറ്റും കൊണ്ടുപോകുന്നതിന് നൽകി വരുന്ന വാടക പോലെ, മിസ്സിംഗ് കേസ്സുകൾക്കും നൽകുവാൻ ഭരണവകുപ്പ് നിർദ്ദേശം നൽകേണ്ടതുണ്ട്.

## **ബാലനീതി ശിൽപ്പശാലയിൽ കർത്തവ്യവാഹകർ ഉന്നയിച്ച പോക്സോ നിയമവുമായി ബന്ധപ്പെട്ട ശുപാർശകൾ**

1. പോക്സോ കേസുകളിൽ ഉൾപ്പെട്ട കുട്ടികളെ വൈദ്യപരിശോധനയ്ക്കായി ഹോസ്പിറ്റലിൽ കൊണ്ടുപോകുമ്പോൾ അർഹമായ പരിഗണന ഹോസ്പിറ്റലിൽനിന്നും ലഭിക്കുന്നില്ല. ചില സന്ദർഭങ്ങളിൽ കുട്ടികൾക്ക് വളരെയധികം സമയം പരിശോധനയ്ക്കായി കാത്തുനിൽക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശുപത്രികൾ ബാലസൗഹൃദ അന്തരീക്ഷം സജ്ജമാക്കേണ്ട ആവശ്യകതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ ഭരണവകുപ്പ് കൈക്കൊള്ളേണ്ടതാണ്.
2. പോക്സോ കേസുകളിൽ പലപ്പോഴും സ്വകാര്യ വാഹനങ്ങൾ വാടക ഇനത്തിൽ ലഭ്യമാകേണ്ട തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യമുണ്ട്. ഇതിന് പരിഹാരമായ നടപടി കൈക്കൊള്ളുന്നതിന് വനിതാ-ശിശുവികസന വകുപ്പ് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകേണ്ടതുണ്ട്.

3. പോക്സോ കേസുകളിൽ ഉൾപ്പെട്ട കുട്ടികൾക്ക് വിക്ടിം കോംപൻസേഷൻ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയിൽനിന്നും ലഭ്യമാകുന്നുണ്ട്. വിക്ടിം കോംപൻസേഷനെ (Interim Compensation, Final Compensation) സംബന്ധിച്ച് അതിക്രമങ്ങളെ അതിജീവിച്ച കുട്ടികൾക്ക് ആവശ്യമായ അവബോധം നൽകുന്നതിന് ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് നടപടി കൈക്കൊള്ളേണ്ടതുണ്ട്.

കമ്മീഷൻ സമർപ്പിച്ച മേൽ ശുപാർശകളിൽ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം 90 ദിവസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**കെ. നസീർ**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**ബബിത ബി.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**റെനി ആന്റണി**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**ശ്യാമളാദേവി പി.പി.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**സി. വിജയകുമാർ**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**കെ.വി. മനോജ് കുമാർ**
**കമ്മീഷൻ ചെയർപേഴ്സൺ**

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ,
തിരുവനന്തപുരം - 695 034 ഫോൺ: 0471 – 2326603, ഫാക്സ്: 0471- 2326603
ഇ-മെയിൽ: childrights.cpcr@kerala.gov.in വെബ്: www.kescpcr.kerala.gov.in
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala

Printed at Kerala State C-apt, Thiruvananthapuram. Ph: 0471-2365678